## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2486 — 20.06.2012-ൽ മറുപടിയ്ക്ക്

### ഗൾഫ് വിപണി ലക്ഷ്യമാക്കി ടൂറിസം വികസനം

**ചോദ്യം**

ശ്രീ. ,, പാലോട് രവി
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

**ഉത്തരം**

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) ഗൾഫ് വിപണി ലക്ഷ്യമാക്കി ടൂറിസം വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിനായി ഗൾഫ് രാജ്യങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

(എ) (ബി) & (സി) ഗൾഫ് രാജ്യങ്ങളിലെ വിപണികൾ ലക്ഷ്യമിട്ടുകൊണ്ട് ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സൗദി അറേബ്യയിലെ റിയാദ്, ജിദ്ദ, ദമാം എന്നീ നഗരങ്ങളിൽ കേരളത്തിലെ ടൂർ ഓപ്പറേറ്റർമാരേയും ഹോട്ടലുകളേയും പങ്കെടുപ്പിച്ചു കൊണ്ട് വർക്ക് ഷോപ്പുകൾ നടത്തുകയുണ്ടായി. ദുബായിൽ നടന്ന അറേബ്യൻ ട്രാവൽ മാർക്കറ്റിൽ കേരള ടൂറിസം സജീവമായി പങ്കെടുത്തു പ്രചാരണം നടത്തുകയുണ്ടായി.

ടൂറിസം വകുപ്പിന്റെ വിപണനത്തിന്റെ ഭാഗമായി ദൃശ്യ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗൾഫ് മേഖലയിൽ മുഴുവൻ പ്രചാരത്തിലുള്ള അൽ ജസീറ ടി.വി. ചാനൽ വഴി പരസ്യപ്രചാരണം നടത്തുകയുണ്ടായി. കൂടാതെ ദമാം, റിയാദ് തുടങ്ങിയ നഗരങ്ങളിൽ ഹോർഡിങ്സ് വഴിയുള്ള പരസ്യ പ്രചാരണവും നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ